**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3768** **06-08-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന 2016-19 കാലയളവിൽ നടപ്പിലാക്കിയ വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 224/2021 ക്രൈം 240/21 ആയി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് സിറ്റി ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു. ക്രൈം 224/21 നമ്പർ കേസിലെ 2 പ്രതികളിൽ 1-ാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിലാണ്. 2-ാം പ്രതിക്ക് ബഹു. കേരള ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയിട്ടുണ്ട്. ക്രൈം 240/21 നമ്പർ കേസിൽ 11 പ്രതികളിൽ 1-ാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിലാണ്. 2,3,6,7,10-ാം നമ്പർ പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും 4,5,8,9,11 പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരായി കണ്ടെത്തിയ തിരുവനന്തപുരം നഗരസഭാ പട്ടികജാതി വികസന ഓഫീസിലെ സീനിയർ ക്ലർക്ക്മാരായ ശ്രീ.രാഹുൽ ആർ.യു, ശ്രീമതി.പൂർണ്ണിമ ബി.പി. എന്നിവരെയും ക്രമക്കേട് നടന്ന കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എസ്.ആർ. മനോജ്, ശ്രീ. പ്രജിത്ത് ലാൽ എസ്. എന്നിവരെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനു വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ഇതുസംബന്ധിച്ച് അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു എന്നറിയിക്കാമോ? | (ബി) | തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന 2016-19 കാലയളവിൽ നടപ്പിലാക്കിയ വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 224/2021 ക്രൈം 240/21 ആയി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് സിറ്റി ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു. ക്രൈം 224/21 നമ്പർ കേസിലെ 2 പ്രതികളിൽ 1-ാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിലാണ്. 2-ാം പ്രതിക്ക് ബഹു. കേരള ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയിട്ടുണ്ട്. ക്രൈം 240/21 നമ്പർ കേസിൽ 11 പ്രതികളിൽ 1-ാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിലാണ്. 2,3,6,7,10-ാം നമ്പർ പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും 4,5,8,9,11 പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരായി കണ്ടെത്തിയ തിരുവനന്തപുരം നഗരസഭാ പട്ടികജാതി വികസന ഓഫീസിലെ സീനിയർ ക്ലർക്ക്മാരായ ശ്രീ.രാഹുൽ ആർ.യു, ശ്രീമതി.പൂർണ്ണിമ ബി.പി. എന്നിവരെയും ക്രമക്കേടു നടന്ന കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എസ്.ആർ. മനോജ്, ശ്രീ. പ്രജിത്ത് ലാൽ എസ്. എന്നിവരെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തുന്നതിനു വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ